# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയവന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/986/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/986/2021 തീയ്യതി: 13/09/2021

## എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 15-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 15-07-2021 | 17-07-2021 |
| ശ്രീ കെ.എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.സി ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രശോഭൻ കെ.എം, ഓഡിറ്റ് ഓഫീസർ (15.7.21 മുതൽ 19.7.21 വരെ)
ശ്രീമതി. ടെസ്സി.എം, ഓഡിറ്റ് ഓഫീസർ (21.7.21 മുതൽ 29.7.21 വരെ)
ശ്രീമതി. ശ്രീജ ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രവീൺ വി.എൻ, ഓഡിറ്റർ
ശ്രീമതി. സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജീഷ് പി.എസ് | പ്രസിഡന്റ് | 01-04-2019 | 31-08-2019 |
| ശ്രീമതി ജിജി ബിജോ | പ്രസിഡന്റ് | 01-09-2019 | 04-10-2019 |
| ശ്രീ. റെബി ജോസ് | പ്രസിഡന്റ് | 05-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സിബി കൊന്താലം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-08-2019 |
| ശ്രീമതി. ആര്യ സി ഉണ്ണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2019 | 31-03-2020 |
| ശ്രീ. ബോസ് മത്തായി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ആരതി സുബ്രഹ്മണ്യൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 12-11-2019 |
| ഡോ.ശിവപ്രിയ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13-11-2019 | 31-03-2020 |
| ശ്രീമതി. ഷാന്റി ഡേവിഡ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ. ബോബിപോൾ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷേബ പി ബേബി | ഡയറി ഫാം ഇൻസ്പെക്ടടർ | 01-04-2019 | 26-11-2019 |
| ശ്രീമതി. മറീന പോൾ | ഡയറി ഫാം ഇൻസ്പെക്ടടർ (ഇൻ ചാർജ്ജ്) | 27-11-2019 | 12-02-2020 |
| ഡോ. റോബിൻ കെ | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജോസഫ് | ഓഫീസർ ആയുർവ്വേദം | | |
| ശ്രീമതി. ഗീതു അനിൽകുമാർ | വി.ഇ.ഒ, ഏനാനല്ലൂർ | 01-04-2019 | 24-09-2019 |
| ശ്രീ.ആൽബി ജോർജ്ജ് | വി.ഇ.ഒ, ഏനാനല്ലൂർ (ഇൻ ചാർജ്ജ്) | 25-09-2019 | 31-03-2020 |
| ശ്രീ.ആൽബി ജോർജ്ജ് | വി.ഇ.ഒ, കാലാമ്പൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലിജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി. ബിന്ദു വി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്പെക്ടടർ | 13-02-2020 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 21-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 21-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 31-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: C.C Jyothimon (Audit Officer, On 21-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Tessy (Audit Officer, On 27-07-2021)<br>Last Updated By: Tessy (Audit Officer, On 27-07-2021) | 1-7 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Tessy (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-8 |
| 10 | ക്യാഷ് പരിശോധന<br>Written By: Swapna.V (Auditor, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 27-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Swapna.V (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-11 |
| 13 | നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് .<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-11-1 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Swapna.V (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-12 |
| 15 | സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-13 |

| | | |
|---|---|---|
| 16 | വിവരാവകാശം<br>Written By: Praveen V.N (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-14 |
| 17 | ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപണി അപാകതകൾ<br>Written By: Praveen V.N (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 1-15 |
| 18 | ക്ഷീര സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 1-16 |
| 19 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- പദ്ധതി നിർവ്വഹണം സുതാര്യമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-17 |
| 20 | വിവിധയിനം വിളകൾക്ക് രാസവളം,ജൈവവളം - ടാക്സബിൾ ഇൻവോയ്സിൽ ജി.എസ്.ടി നിരക്ക് രേഖപ്പെടുത്തുന്നില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-18 |
| 21 | പ്രത്യേക കന്നുകുട്ടി പരിപാലനം- പദ്ധതിയിൽ നിന്നും ഒഴിവാക്കിയ കന്നു കുട്ടികളുടെ സബ്സിഡി വിഹിതം മൃഗ സംരക്ഷണ വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 1-19 |
| 22 | കാലിവീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-20 |
| 23 | പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകി.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 1-21 |
| 24 | ബിറ്റുമിനുപയോഗിച്ചുള്ള പ്രവൃത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-22 |
| 25 | കാവക്കാട് - തൂമ്പാപ്പുറം റോഡ് ഇലക്ട്രിക് ലൈൻ മാറ്റൽ<br>Written By: Tessy (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ബിറ്റുമിനുപയോഗിച്ചുള്ള പ്രവർത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: C.C Jyothimon (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രികകളിലെ അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: C.C Jyothimon (Audit Officer, On 30-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 24-07-2021)<br>Last Updated By: Joby George (Computer Assistant, On 03-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 20.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 95975500 | 103202500 |
| വാർഷിക കണക്ക് പ്രകാരം | 46931109 | 46326820 |

## 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ്, ചെലവ് എന്നിവ യഥാക്രമം 9,59,75,500/-രൂപയും 10,32,02,500/-രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ്-ചെലവുകൾ യഥാക്രമം 4,69,31,109/-രൂപ, 4,63,26,820/- എന്നിങ്ങനെ മാത്രമാണ്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതരത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 15.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഭാഗം 4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 10061881 | 10061881 | 10041763 | 20118 (Lapsed) |
| വികസന ഫണ്ട്-എസ്.സി.പി | 00 | 3236588 | 3236588 | 2554703 | 681885 (Lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 00 | 191000 | 191000 | 191000 | 00 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 00 | 8041982 | 8041982 | 4638898 | 3403084 (Lapsed) |
| മെയിന്റനൻസ്, റോഡ് | 00 | 7786000 | 7786000 | 4134763 | 3651237 (Lapsed) |
| മെയിന്റനൻസ്- റോഡിതരം | 00 | 3251000 | 3251000 | 2025809 | 1225191 (Lapsed) |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 423643 | 528382 | 952025 | 750000 | 202025 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 326700 | 00 | 326700 | 00 | 326700 |
| ടോട്ടൽ സാനിട്ടേഷൻ | 537162 (425177+ 111985) | 00 | 537162 | 00 | 537162 (425177+ 111985) |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ,മറ്റ് ഗ്രാന്റുകൾ | | | | | |
| ഖരമാലിന്യ സംസ്കരണം | 1200000 | 00 | 1200000 | 00 | 1200000 |
| ലിറ്ററസി | 37138 | 00 | 37138 | 00 | 37138 |

വികസനഫണ്ട് ജനറൽ ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്ത 870696/- രൂപയുടെ വരവ് ചെലവ് വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജ ക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 174 | 63597380 | 106 | 32037667 | 00 | 68 | 60.91 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13388031 |
| വരവ് | 46931109 |
| ആകെ | 60319140 |
| ചെലവ് | 46326820 |
| നീക്കിയിരിപ്പ് | 13992320 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19670 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10275 |

## 1-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3420 | 616357 | 619777 | 536555 | 83222 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 16871198 | 16871198 | 16871198 | 00 |
| ആകെ | 3420 | 16254841 | 17490975 | 17407753 | 83222 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32280 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 993600 | 281 |
| വിധവാപെൻഷൻ | 2239800 | 629 |
| വാർദ്ധക്യകാല പെൻഷൻ | 4957800 | 1346 |
| വികലാംഗപെൻഷൻ | 898500 | 250 |
| അവിവാഹിതരായ50വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 112800 | 250 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 00 | 00 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.7.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1395/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കുന്നതിനായി വിവിധ ഇടപാടുകാർക്ക് നൽകുന്ന ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി ആണോ നൽകുന്നത് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി ( നം. 8/27.7.21) നൽകിയിരുന്നു. നിലവിൽ ചെക്കുകൾ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി അല്ല നൽകുന്നതെന്നും ഭാവിയിൽ "അക്കൗണ്ട് പേയീ" ക്രോസ്സിംഗ് നടത്തി നൽകാമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ബിനാമി ഇടപാടുകളുടെ അപകടസാധ്യത ഒഴിവാക്കുന്നതിന് പണമിടപാടുകളിൽ ബാങ്കിംഗ് നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

2019-20 സാമ്പത്തിക വർഷം വിവിധ ഫീസ്/നികുതി ഈടാക്കിയതിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (1,2,9/20.7.21) നൽകിയതിനെ തുടർന്ന് ചുവടെ ചേർത്തിരിക്കുന്ന വിധം 4403/- രൂപ ഈടാക്കിയിട്ടുണ്ട്.

1.ലൈസൻസ് ഫീസ്

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/ വാർഡ്/കെട്ടിടനം | ഈടാക്കിയ നികുതി | രസീത് നം/ തീയതി |
|---|---|---|---|
| 1 | റോബിൻസൺ കെ.എ II/390 | 1000/- | 121050100525/ 26.7.21 |
| 2 | റോജിമോൻ ഫിലിപ്പ്/ 4/280 | 300/- | 121050100509/ 227.21 |
| ആകെ ഈടാക്കിയത് | | 1300/- | |

2) തൊഴിൽ നികുതി

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ നികുതി | രസീത് നം/ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എസ്ക്വയർ എന്റർപ്രൈസസ് (19-20 Full) | 720/- | 121050100515/ 23.7.21 |
| 2 | ക്രിയേറ്റീവ് സൊല്യൂഷൻസ് ഡിസൈനിംഗ് (19-20 Full) | 960/- | 121050100518/ 23.7.21 |
| 3 | ഹോട്ടൽ ഫ്രണ്ട്സ് (19-20 Full) | 720/- | 121050100530/ 27.7.21 |
| 4 | പ്രോംപ്റ്റ് ഡിവൈസസ് (19-20 Ist Half) | 480/- | 121050100529/ 26.7.21 |
| ആകെ ഈടാക്കിയത് | | 2880/- | |

3) അനധികൃത കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ്

| ക്രമ നം. | വാർഡ്/ കെട്ടിടനം | ഈടാക്കിയ നികുതി | രസീത് നം/ തീയതി |
|---|---|---|---|
| 1 | 12/477C | 223/- | 121050100545/ 29.7.21 |
| ആകെ ഈടാക്കിയത് | | 223/- | |

## 1-11-1 നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് .

നിശ്ചിത സമയ പരിധിയിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (8/26.7.21) തുടർന്ന് 1256 രൂപ രസീത് നമ്പർ 121050100536/ 28.7.21 ഒടുക്ക് വരുത്തിയിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും പഞ്ചായത്തിലെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയും അതിൽ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്ക് അനുസൃതമല്ലാതെയും ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രിക ശക്തിയോ വിദ്യുത്ച്ഛക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ പ്രവൃത്തിസ്ഥലമോ നിർമ്മിക്കുകയോ ആയതിനുള്ള മേൽപ്പറഞ്ഞ യന്ത്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232,232(1),233).
ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2019-20 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം/ കെട്ടിടനം. | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | സി.ഇ ഇബ്രാഹിം, ചാക്കാപ്പിള്ളിൽ I/517B | പലചരക്ക് വ്യാപാരം |
| 2 | മജീദ് കാണിച്ചാട്ട് , I/502 | പലചരക്ക് വ്യാപാരം |
| 3 | ഷിഫ, മുടക്കമുറി, പുത്തൻപുര, I/519 | മിഠായി,ബിസ്കറ്റ്,സോപ്പ് മൊത്തചില്ലറ വിൽപ്പന |
| 4 | പി.എം അബ്ദുൾസമദ്, പുഴക്കര വീട്,I/520 | ബേക്കറി,കൂൾബാർ |
| 5 | റിയാസ് പി ഏലിയാസ്,പുത്തൻപുരയ്ക്കൽ | ലേഡീസ് ഐറ്റംസ് വിൽപ്പന |
| 6 | നജീബ്.വി.എം, | പലചരക്ക് സ്റ്റേഷനറി |

| | | |
|---|---|---|
| | വാണിയപ്പിള്ളിച്ചാലിൽ,II/499A | |
| 7 | പി.കെ സോമൻ,<br>പാടശ്ശേരിത്തണ്ടേൽ,II/14 | ചായക്കട |
| 8 | ഇ.കെ.കുട്ടപ്പൻ,<br>കുട്ടപ്പറമ്പിൽ,II/372A | ഉണ്ണിയപ്പം നിർമ്മാണം |
| 9 | സി.എസ് മുഹമ്മദ്,<br>ചെളിക്കണ്ടെത്തിൽ,II/420 | പെയിന്റ്, ലൂബ്രിക്കന്റ് നിർമ്മാണം, |
| 11 | ബിയാട്രീസ് ഡൊമനിക്,<br>പാഴിയത്ത്,II/579 | തുണിക്കടയും തയ്യൽക്കടയും |
| 12 | സി.എസ് സത്യൻ,<br>ചാലുമാറി,പുത്തൻപുര,II/484 | ബാർബർ ഷോപ്പ് |
| 14 | സി.പി. ജോയി,<br>ചിറപ്പുറത്ത് ,III/574 | പലചരക്ക് വ്യാപാരം |
| 15 | വർഗ്ഗീസ് എം.ബി.<br>മലേക്കുടിയിൽ,III /530B | ഗ്രാനൈറ്റ് ,ടൈൽസ് വിൽപ്പന |
| 16 | സുഹറ .കെ.എ,<br>പൂപ്പാറയിൽ,III/23 | പലചരക്ക് |
| 17 | ജലജ സോമൻ,<br>തോട്ടത്തിക്കുടിയിൽ,III/59 | കോക്കനട്ട് ഫുഡ് പ്രോഡക്ട്സ് |
| 18 | അഭിജിത്ത്,<br>പുത്തൻപുര,III/257A | അലുമിനിയം ഫാബ്രിക്കേഷൻ |
| 19 | ഷെവിൻ പരീത്,<br>കുമ്മംകുളത്തിൽ,III/520 | ഓയിൽ മിൽ |
| 20 | ബിന്ദു വേലായുധൻ,<br>വട്ടക്കുന്നേൽ,III/329A | ടൂ,ത്രീ വീലർ സ്പെയർ പാർട്സ് |
| 21 | അൻസാർ പി.എം,<br>പാറമല പുത്തൻപുര III/55A | പഴം,പച്ചക്കറി<br>വിൽപ്പന |
| 22 | വി.കെ സുക,<br>വേലംപറമ്പിൽ, III/508 | സമൂസ നിർമ്മാണം |
| 23 | അജിതോമസ്,<br>പുത്തൻപുരയിൽ,III/323 | മൊബൈൽ ഫോൺ മെയിന്റനൻസ് |
| 24 | വൈശാഖ് എസ്.,<br>രണ്ടാർ,IX/344 | മൊബൈൽ കട |
| 25 | ജിനഷ്ജോൺ,<br>കാടാംകുളം, IX/160,161,162,163,164 | ഹാർഡ് വെയർ<br>ഷോപ്പ്,സിമന്റ്,കമ്പി,പൈപ്പ്,<br>ഇഷ്ടിക |
| 26 | ജിഷ അനിൽ,<br>കുടത്തുപറമ്പിൽ, IX/51,52,53 | ബേക്കറി,സ്റ്റേഷനറി |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20.7.2021) കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവു പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി 31.8.2021 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ ടി ഉത്തരവിനു വിധേയമായി എല്ലാ സ്ഥാപനങ്ങളുടേയും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.ആയതിനാൽ പ്രസ്തുത ഉത്തരവിനു വിധേയമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേൽ പരാമർശിച്ച സ്ഥാപനങ്ങളുൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളുടേയും ലൈസൻസ് പുതുക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളുടേയും ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ട്രെഡേഴ്സ് ലിസ്റ്റിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ്എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളി ലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204). ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ (2 അർദ്ധവർഷത്തിലേയും) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ | ലൈസൻസ് | ജീവനക്കാരുടെ |
|---|---|---|---|

| | പേര് | നം. | എണ്ണം |
|---|---|---|---|
| 1 | മൈബീ അഗ്രോപ്രോഡക്ട്സ് | 10/2019-20 | 2 |
| 2 | കാൻസ് അസോസിയേറ്റ്സ് | 95/2019-20 | 3 |
| 3 | കുടുംബശ്രീ മാടിമോണി | 66/2019-20 | 3 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.2/20.7.2021) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വിവരാവകാശം

വിവരാവകാശ നിയമം-2005 പ്രകാരം 2019-20 വർഷം ആകെ ലഭിച്ച 43 അപേക്ഷകൾക്കും നിയമാനുസൃത സമയപരിധിക്കുള്ളിൽ മറുപടി നൽകിയതായി രജിസ്റ്ററിന്റെ പരിശോധനയിൽ വ്യക്തമാകുന്നു.

## 1-15 ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപണി അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.2007 ലെ ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. കസ്റ്റോഡിയൻ ഓഫീസർ നേരിട്ടോ എഞ്ചിനീയറുടെ ശുപാർശ പ്രകാരമോ വാഹനത്തിന്റെ റിപ്പയറിങ്ങിനോ അറ്റകുറ്റപണികൾക്കോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വാഹനത്തിന്റെ അറ്റകുറ്റപണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കണക്കാക്കേണ്ടതുമാണ്.

പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ അറ്റകുറ്റപണികളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ചെയ്യേണ്ടത്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL17 F 1340 ബൊലേറോ റിപ്പയർ ചെയ്തിരിക്കുന്നത്. ഇതുപ്രകാരം കുന്നപ്പിള്ളിൽ ഓട്ടോ എഞ്ചിനീയറിംഗ് വർക്സ്, വാഴക്കുളം എന്ന സ്ഥാപനത്തിന് അറ്റകുറ്റപണികൾ ചെയ്ത ഇനത്തിൽ 18,525/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നം. 21900956 തീയതി 28.02.2020). സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രസ്തുത പ്രവൃത്തി ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാഹനത്തിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 26.07.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, പദ്ധതി നിർവ്വഹണം എന്നിവയ്ക്ക് വാഹനം അത്യാവശ്യമായതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് വാഹനം ഇത്തരത്തിൽ റിപ്പയർ ചെയ്യുന്നതിന് നൽകിയതെന്നും ക്വട്ടേഷൻ ഇല്ലാതെ മേലിൽ ഇത്തരത്തിൽ അറ്റകുറ്റപണികൾക്കായി നൽകുകയില്ലാ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, പ്രസ്തുത രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 ക്ഷീര സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ക്ഷീര സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പദ്ധതിയുടെ വിശദവിവരങ്ങളും അപാകതകളും ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് /നം. | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് ബിൽനം/ തീയതി | ക്ഷീര സഹകരണ സംഘ ത്തിന്റെ പേര് | ഗുണഭോക്താക്കളുടെ പേര് | സബ്സിഡി തുക | സാംഖ്യാ സ്റ്റേറ്റ്മെന്റ് പ്രകാരം തുക മാറിയത് |
|---|---|---|---|---|---|---|---|
| ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി /110/19-20 | ക്ഷീര വികസന ഓഫീസർ | 150000/- | 150000/- 1/2019-2020 25.11.2019 | കാലാംപൂർ | കുഞ്ഞപ്പൻ എം.പി പുരപ്പുറ | 913 | ചാക്കോച്ചൻ ജോസഫ് |
| | | | | | വിനോദ് എച്ച്. ഇടപ്പുരയിട ത്തുചാലിൽ | 687 | ചാക്കോ |

ഗുണഭോക്താക്കളുടെ പേരുകളും സാംഖ്യാ സ്റ്റേറ്റ്മെന്റ് പ്രകാരം തുക നല്കിയ വ്യക്തികളുടെ പേരുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4, 26.7.2021) രേഖാമൂലമല്ലാതെ അറിയിച്ച മറുപടിയിൽ മേൽ രണ്ട് പേരുകളിലും അറിയപ്പെടുന്ന വ്യക്തികൾ ഒന്നുതന്നെയാണെന്നാണ് അവകാശപ്പെട്ടിട്ടുള്ളത്. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട വ്യക്തികൾക്കു തന്നെയാണ് പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-17 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- പദ്ധതി നിർവ്വഹണം സുതാര്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 26/2019-20 |
| പ്രൊജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,04,000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>2,04,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 2,04,000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>2,04,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പരും തീയതിയും | J-13/19-20/31.12.19/2,04,000/-<br>J/DP/14/19-20/4.01.20/2,04,000/- |

മേൽ ആനുകൂല്യം നൽകുന്നതിനായി 25.6.19 ലെ 14/5 നമ്പർ തീരുമാനം പ്രകാരം 30 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റിന് ഭരണസമിതി അംഗീകാരം നൽകി. എന്നാൽ പദ്ധതിയിൽ 71 പേർക്ക് സബ്സിഡി അനുവദിച്ചു. ഗ്രാമസഭ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രമേ പദ്ധതി മാർഗരേഖ പ്രകാരം ധനസഹായം അനുവദിക്കാവൂ എന്നിരിക്കെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 3/2019-20/23.7.21നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒന്നാം വിള നെൽകൃഷി ചെയ്യുന്ന കർഷകർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ വന്നതെന്നും ടി ലിസ്ററിൽ നിന്നും കർഷകർ മാറി വന്നുവെന്നും രണ്ടാം വിള കൃഷി സമയത്ത് പഞ്ചായത്തിൽ 71 കർഷകർ നെൽകൃഷി ചെയ്തുവെന്നും അവർക്കെല്ലാം ആനുകൂല്യം നൽകിയെന്നുമാണ് അറിയിച്ചത്. 71 കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ലിസ്റ്റ് സെക്രട്ടറി ഒപ്പിട്ടത് ഹാജരാക്കി. ഈ നടപടി ശരിയല്ല. ടി കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ആയതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി ഗ്രാമസഭകളിൽ നിന്നും സാധൂകരണം വാങ്ങുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. സെക്രട്ടറിയുടെ ലിസ്റ്റ് പ്രകാരം പദ്ധതി ആനുകൂല്യം അനുവദിക്കാൻ സാധ്യമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി ആനുകൂല്യം കൈപ്പറ്റിയവർ സമർപ്പിച്ച അപേക്ഷകളിൽ നിരവധി എണ്ണത്തിൽ വ്യക്തികളുടെ പേരും ഒപ്പും മാത്രമേയുള്ളൂ. സബ്സിഡി ട്രാൻസ്ഫർ ചെയ്ത ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള യാതൊരു വിവരങ്ങളും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതു ആനുകൂല്യത്തിനുള്ള അപേക്ഷയാണെന്നു പോലും രേഖപ്പെടുത്തിയിട്ടില്ല. ടി വർഷം നടപ്പാക്കിയ മറ്റു പദ്ധതികളുടെ ഫയലിലും പൂർണ്ണമായി പൂരിപ്പിക്കാത്ത നിരവധി അപേക്ഷകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആയതിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18 വിവിധയിനം വിളകൾക്ക് രാസവളം,ജൈവവളം - ടാക്സ്ബിൾ ഇൻവോയ്സിൽ ജി.എസ്.ടി നിരക്ക് രേഖപ്പെടുത്തുന്നില്ല

ഓഡിറ്റ് വർഷം കർഷകർക്ക് വിവിധയിനം വിളകൾക്ക് രാസവളം, ജൈവവളം എന്നിവ ഏനാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ആയവന ശാഖ വഴി യഥാക്രമം 50%, 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. ഫാക്ടംഫോസ്, യൂറിയ, മ്യൂരിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങളും വേപ്പിൻ പിണ്ണാക്ക്, മത്സ്യഫെഡ്

ഉല്പാദിപ്പിക്കുന്ന ന്യൂട്രിഫിഷ് എന്നീ ജൈവവളങ്ങളുമാണ് കൃഷി ഓഫീസർ നല്കിയ വളം പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. വിവിധ ജൈവ, രാസവളങ്ങൾക്ക് 5% മുതൽ 18% വരെ ജി.എസ്.ടി. ബാധകമാണ്. എന്നാൽ ബാങ്ക് ഗുണഭോക്താ ക്കൾക്ക് നൽകിയ ജി.എസ്.ടി ഇൻവോയ്സുകൾ കൃഷി ഓഫീസർ ഹാജരാക്കിയതിൽ, HSN Code, CGST, SGSTനിരക്കുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ മാത്രമേ കാണിച്ചിട്ടുള്ളൂ. ജി.എസ്.ടി. നിരക്കുകൾ പ്രത്യേകം രേഖപ്പെടുത്തിയ ഇൻവോയ്സുകൾ വാങ്ങി സൂക്ഷിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലനം- പദ്ധതിയിൽ നിന്നും ഒഴിവാക്കിയ കന്നു കുട്ടികളുടെ സബ്സിഡി വിഹിതം മൃഗ സംരക്ഷണ വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം 60/19-20 നമ്പർ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കളുടെ 6 മാസം പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ഇൻഷ്വർ ചെയ്ത് ഒരു കന്നുകുട്ടിക്ക് 6250/-രൂപ വീതം ആകെ 48 കന്നുകുട്ടികൾക്കായി 3,00,000/- രൂപ ആലുവ ഐ.സി.ഡി.പി.പ്രൊജക്ട് ഓഫീസർക്ക് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ട്രഷറി ബിൽ നം.1/KDS/19-20/ 13.11.19 പ്രകാരം നല്കി. മൃഗ സംരക്ഷണ വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനാണ് തുക നൽകുന്നത്. പദ്ധതിയുടെ സംസ്ഥാന വിഹിതം ഒരു കന്നുകുട്ടിക്ക് 6250/-രൂപയും ഗുണഭോക്തൃ വിഹിതം 12,500/-രൂപയുമാണ്. പദ്ധതിയുടെ നാൾവഴി (രജിസ്റ്റർ) പരിശോധിച്ചതിൽ 2 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗുണഭോക്താവ് ക്ഷീരസംഘത്തിൽ നിന്നും മൂന്നു മാസത്തിൽ കൂടുതലായി കാലിത്തീറ്റ വാങ്ങാത്തതിനാൽ/ കന്നുകുട്ടിക്ക് രോഗം ബാധിച്ചതിനാൽ ആണ് പദ്ധതിയിൽ നിന്നും ഒഴിവാക്കിയത്. കന്നുകുട്ടികൾക്ക് കാലിത്തീറ്റയ്ക്കുള്ള സബ്സിഡി പദ്ധതി വിഹിതത്തിൽ നിന്നും മുൻകൂറായി നൽകിയിട്ടുള്ളതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയ കന്നുകുട്ടികളുടെ വിഹിതം ഒഴിവാക്കിയ തീയതിക്കു ശേഷമുള്ളത് ചുവടെ ചേർക്കും പ്രകാരം ഐ.സി.ഡി.പി.പ്രൊജക്ട് ഓഫീസറിൽ നിന്നും തിരികെ ലഭിക്കേണ്ടതുണ്ട്.

.

| ക്രമ നമ്പർ. | സബ്സിഡി ലഭിച്ച ഗുണഭോക്താവിന്റെ പേര് | പദ്ധതിയിൽ നിന്നും ഒഴിവാക്കിയ തീയതി/ ഗുണഭോക്താവ് കാലിത്തീറ്റ അവസാനമായി കൈപ്പറ്റിയ തീയതി | ഒഴിവാക്കിയ തീയതി വരെ നാൾവഴി കോളം നമ്പർ 8 പ്രകാരം ഗുണഭോക്താവിനു ലഭിച്ച സബ്സിഡി (തദ്ദേശ സ്ഥാപന വിഹിതവും സംസ്ഥാന വിഹിതവും തുല്യമായി) | ചെലവാക്കാത്ത സബ്സിഡി (തദ്ദേശസ്ഥാപന വിഹിതവും സംസ്ഥാന വിഹിതവും തുല്യമായി) | ഐ.സി.ഡി.പി.യിൽ നിന്നും പഞ്ചായത്തിന് തിരികെ ലഭിക്കേണ്ട സബ്സിഡി |
|---|---|---|---|---|---|
| 1 | ബെന്നി സ്കറിയ, കൊച്ചുമുട്ടം | 29.5.2020 | 4450 | 12500-4450= 8050 | 8050/2= 4025/- |
| 2 | സാജു വി. ആർ. വട്ടത്തൊട്ടിയിൽ | 28.7.2020 | ലഭിച്ചിട്ടില്ല | 12500 | 12500/2= 6250/- |
| | | | | തിരികെ ലഭിക്കേണ്ട ആകെ പഞ്ചായത്ത് വിഹിതം | 10,275/- |

പദ്ധതിക്കായി ചെലവഴിച്ചിട്ടില്ലാത്ത മേൽ പ്രകാരമുള്ള സബ്സിഡി തുക ഐ.സി.ഡി.പി യിൽ നിന്നും തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന്

അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 5/2019-20/26.7.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. തുക തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുകയോ അധികം അടച്ച തുക ക്രമപ്പെടുത്തുകയോ ചെയ്യുന്നതിന് വിധേയമായി 10275/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കാലിവീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2019-20 ൽ പദ്ധതിപണം ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ ടാറിംഗ് പ്രവർത്തികളുടെ ബില്ലിൽ നിന്നും ആകെ 22168/-രൂപ കുറവ് ചെയ്തിട്ടുണ്ട്. ഈ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ബിറ്റുമിൽ വാങ്ങുന്നതിന് വിനിയോഗിച്ച ഫണ്ടിലേക്ക് തന്നെ തിരികെ അടക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകി.

ആയവന ഗ്രാമ പഞ്ചായത്തിൽ 2019-20 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവർത്തിയിൽ നിശ്ചിത സമയ പരിധിയിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവും ചട്ടങ്ങൾക്ക് വിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായും കാണുന്നു.

പ്രോജക്ട് നമ്പർ - 21/19, 129/20

ഗാന്ധിനഗർ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ- 279146/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ - ഇ.എസ് അബൂബക്കർ, അളവ് പുസ്തകം 790/18-19

എഗ്രീഡ് പി.എ.സി- 279146/- (26.3% കുറവ്)

ഗാന്ധിനഗർ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിക്കായി എഗ്രിമെന്റ് വെച്ചിട്ടുള്ളത് 30.10.2018ലും സൈറ്റ് ഹാന്റോവർ ചെയ്ത് നൽകിയിട്ടുള്ളത് 7.11.2018ലുമാണ്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമാണ്. ഇതനുസരിച്ച് 6.2.2019ൽ പ്രവർത്തി പൂർത്തി യാക്കേണ്ടതാണ്. എന്നാൽ പൂർത്തീകരണ കാലയളവ് 1% ഫൈനോടു കൂടി 6.5.19 വരെയും പിന്നീട് 2% ഫൈനോടു കൂടി5.8.19 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇത് ചട്ടവിരുദ്ധമാണ്. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. മേൽ സൂചിപ്പിച്ചവിധം ആകെ 3% ഫൈൻ ഈടാക്കിക്കൊണ്ട് 21.3.2019 വരെയാണ് കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നത്. അളവ് പുസ്തക പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് 05.11.2019ൽ മാത്രമാണ്. കൂടാതെ സമയം ദീർഘിപ്പിച്ചതനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളത് 27.11.2019ൽ മാത്രമാണ്.

ആകെ പ്രവർത്തിമൂല്യം 375193/-

ടെണ്ടർ കുറവ് 26.3% - 98676 = 276517/-

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1 പ്രകാരം പി.എ.സി യുടെ നിശ്ചിത ശതമാനം ഫൈൻ ഈടാക്കുന്നതിന് പകരം ആകെ പ്രവർത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഫൈൻ ഈടാക്കിയതുമൂലം ഫൈൻ ഇനത്തിൽ കുറവ് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | എഗ്രീഡ് പി.എ.സി | ആകെ പ്രവർത്തി മൂല്യം | 3%നിരക്കിൽ ഈടാക്കിയ തുക | 3%നിരക്കിൽ ഈടാക്കേണ്ട തുക | കുറവ്/ അധികം | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| ഇ.എസ് അബൂബക്കർ | 278806/- | 276517/- | 11256/- (375173 X3%) | 8364/- | 2892/- | 14/3.12.19 15/3.2.2019 |

കൂടാതെ കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1 പ്രകാരം മേൽ പ്രവർത്തി പൂർത്തീകരിക്കേണ്ട തിയതി 21.3.2019. എന്നാൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് 05.11.2019ൽ മാത്രമാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നതിന് സെക്ഷൻ2116-1 പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. 21.3.19 മുതൽ 5.11.19 വരെ ആകെ കാലതാമസം 30 ആഴ്ച. ഇത് പ്രകാരം ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് 278806x3% = 8364/- ഇതിൽ നിന്നും പൂർത്തീകരണ കാലയളവ്

ദീർഘിപ്പിച്ചതിന് അധികം ഈടാക്കിയ 2892 രൂപ കുറവ് ചെയ്യാൽ 5472/- രൂപ ഫൈൻ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/26.7.21) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 ബിറ്റുമിനുപയോഗിച്ചുള്ള പ്രവൃത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.

ആയവന ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില 18% ജി.എസ്.ടി നിരക്കിൽ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | 75/19-20 ഇഞ്ചക്കിടന്തി മ്യാളംകടവ് റോഡ് മെയിന്റനൻസ് | മുസ്തഫ കെ.എം | 45 ബാരൽ | 12645 | 00 | 3,4,5/2019-20/ 13.6.19-754529/- |
| 2 | 132/19-20 വാലംപാരത്തണ്ട് കനാൽ റോഡ്-കോട്ടക്കനാൽ ലിങ്ക് ടാറിംഗ് | മുസ്തഫ കെ.എം | 25 ബാരൽ | 7025 | 00 | 6/19-20/ 28.6.19 457344/- |
| ആകെ | | | | 19670 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/26.7.21) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുമ്പോൾ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലിവീപ്പയുടെ വില 19670/-രൂപ കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 കാവക്കാട് - ഉമ്പാപ്പുറം റോഡ് ഇലക്ട്രിക് ലൈൻ മാറ്റൽ

പ്രോജക്ട് നമ്പർ എസ് 021/ 20, തുക - 124900/-

ബിൽ നമ്പർ - 14/19-20, തീയതി 9.10.2019

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായുള്ള കാവക്കാട് - ഉമ്പാപ്പുറം റോഡ് ഇലക് ട്രിക്കൽ ലൈൻ മാറ്റൽ എന്ന പദ്ധതിക്ക് വേണ്ടി 124900/- രൂപ കെഎസ്ഇബി കല്ലൂർക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 31/19-20/26-8-2019 എന്ന നമ്പർ ആയുള്ള ഡിമാൻഡ് നോട്ടീസിൽ സെക്രട്ടറിയുടെ അപേക്ഷ പ്രകാരമാണ് പോസ്റ്റുകൾ മാറ്റുന്ന ആവശ്യത്തിലേക്ക് തുക അടവാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 3 പോസ്റ്റുകളും അവയുടെ അനുബന്ധ ചെലവുകളും അടക്കമാണ് മേൽതുക കണക്കാക്കിയിരിക്കുന്നത്. തുക ചെലവാക്കിയതായി കെഎസ്ഇബി യുടെ വിനിയോഗ സാക്ഷ്യപത്രം ഉണ്ടെങ്കിലും മറ്റ് യാതൊരു രേഖകളും ഇത് സംബന്ധിച്ചുള്ള ഫയലിൽ ഇല്ല. ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ലൈൻ മാറ്റുന്ന വേല ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യോട് സെക്രട്ടറി ആവശ്യപ്പെടാനിടയായത് എന്നത് സംബന്ധിച്ച് വിശദീകരണം ചോദിച്ചതിന്, കാവക്കാട് പ്രദേശത്തേക്കുള്ള ഇലക്ട്രിക് ലൈൻ കടന്നുപോയിരുന്നത് സ്വകാര്യ റബ്ബർ എസ്റ്റേറ്റിലൂടെ ആയിരുന്നു എന്നും പട്ടികജാതി കുടുംബങ്ങൾ കുളിക്കുന്നതിനും വെള്ളം ശേഖരിക്കുന്നതിനും കാളിയാർ പുഴയിലേക്ക് പോയിരുന്നത് കാവക്കാട് - ഉമ്പാപ്പുറം റോഡിലൂടെയാണെന്നും വൈദ്യുതിലൈൻ നീട്ടൽ പദ്ധതി ഏറ്റെടുക്കുന്നതിനു കൂടിയായിരുന്നു റബ്ബർ എസ്റ്റേറ്റിലെ പോസ്റ്റുകൾ മാറ്റുന്നതിന് തീരുമാനിച്ചതെന്നും സാമ്പത്തികമായി താഴെ നിൽക്കുന്ന ആളുകളുടെ ഉന്നമനത്തിനു വേണ്ടിയാണ് പദ്ധതി ഏറ്റെടുത്തതെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സ്വകാര്യവ്യക്തിയുടെ റബ്ബർ എസ്റ്റേറ്റിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റികൊടുത്തതിലൂടെ ആ പറമ്പിൽ നിന്നും ഇലക്ട്രിക് ലൈൻ മൂലമുള്ള തടസ്സം പ്രസ്തുത തോട്ടം ഉടമക്ക് പഞ്ചായത്തിന്റെ ചെലവിൽ ഒഴിവാക്കി നൽകുകയാണ്

ചെയ്തിരിക്കുന്നത്. പഞ്ചായത്തിന്റെ ചെലവിൽ സ്വകാര്യ വ്യക്തികൾക്ക് ലാഭമുണ്ടാകുന്ന ഇത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്.

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ബിറ്റുമിനുപയോഗിച്ചുള്ള പ്രവർത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.

ആയവന ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില 18% ജി.എസ്.ടി നിരക്കിൽ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | 75/19-20 ഇഞ്ചക്കിടന്തി മ്യാളംകടവ് റോഡ് മെയിന്റനൻസ് | മുസ്തഫ കെ.എം | 45 ബാരൽ | 12645 | 00 | 3,4,5/2019-20/ 13.6.19- 754529/- |
| 2 | 132/19-20 വാലംപാരത്തണ്ട് കനാൽ റോഡ്-കോട്ടക്കനാൽ ലിങ്ക് ടാറിംഗ് | മുസ്തഫ കെ.എം | 25 ബാരൽ | 7025 | 00 | 6/19-20/ 28.6.19 457344/- |
| ആകെ | | | | 19670 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/26.7.21) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുമ്പോൾ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലിവീപ്പയുടെ വില 19670/-രൂപ കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രികകളിലെ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാനുവൽ പ്രകാരം നിബന്ധന ചെയ്ത അടിസ്ഥാന അനുപാതങ്ങൾ (Key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

2. ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 604289/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ Net Cash

Generated By Operating+Investing+ Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 33,97,473 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടുത്തേണ്ടതാണെങ്കിലും ഹാജരാക്കിയ സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3. 2018-19 AFS ലെ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ Water Deposit 340200103 ഹെഡിൽ 39,000/-രൂപ നീക്കിയിരിപ്പ് ഉണ്ട്. RP-34 വരവ് ഷെഡ്യൂൾ പ്രകാരം ഇതേ ഹെഡിൽ തൻവർഷം 6000/-രൂപ ഡിപ്പോസിറ്റായി ലഭിച്ചു.RP-34 ചെലവ് ഷെഡ്യൂൾ പ്രകാരം 2000/-രൂപ റീഫണ്ട് കാണിച്ചിട്ടുണ്ട്.B7 ഷെഡ്യൂളിൽ ഈ ഹെഡിലെ 31.3.2020ലെ നീക്കിയിരിപ്പ് വരേണ്ടത് 43000/-രൂപയാണ്. എന്നാൽ 44000/- രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്.വരവ് ഭാഗത്ത് ഒരു എൻട്രി ജേർണൽ ഇട്ടി മാറ്റിയതിനാലാണ് B7 ഷെഡ്യൂളിൽ വരാതിരുന്നത് എന്നാണ് വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച് നൽകിയ 12/19-20/28.7.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ പരാമർശിച്ചിരിക്കുന്നത്.

4. 2018-19 AFS ലെ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ Other Deposits-340109901 ഹെഡിൽ 36500/-രൂപ നീക്കിയിരിപ്പുണ്ട്.2019-20 AFS ലെ റസീപ്റ്റ് ആന്റ് പെയ്മന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ വരവും ചെലവുമില്ല.എന്നാൽ B7 ഷെഡ്യൂളിൽ ഈ ഹെഡിൽ 35,500/-രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഈ ഹെഡിൽ 2019-20 ൽ വന്ന 1000/-രൂപ ചെലവ് Water Deposit എന്ന ഹെഡിൽ ആദ്യം അക്കൗണ്ട് ചെയ്യതിനു ശേഷം പിന്നീട് Other Deposits ഹെഡിലേക്ക് Journal Entry വഴി മാറ്റിയതിനാലാണ് 340109901 ഹെഡിൽ ചെലവ് ഭാഗത്ത് രേഖപ്പെടുത്തൽ ഇല്ലാതെ വന്നത് എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരാമർശി ച്ചിരിക്കുന്നത്. സാംഖ്യയിൽ തെറ്റായ ഹെഡിൽ ആദ്യം എടുത്ത തുക പിന്നീട് ശരിയായ ഹെഡിലേക്ക് മാറ്റുവാൻ ജേണൽ എൻട്രി നടത്തുമ്പോൾ വരവ് ചെലവ് ഭാഗങ്ങളിൽ കൂടി മാറ്റം വരുന്ന വിധത്തിൽ ചെയ്യാത്തതിനാലാണ് മേൽപ്പറഞ്ഞ രണ്ട് അപാകതകളും വാർഷിക ധനകാര്യപത്രികയിൽ സംഭവിച്ചത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. 2018-19 AFS ലെ B-15ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Residential Building (Arrear) 1,91,580/- രൂപയും Current 2,94,639/- രൂപയുമാണ് (ലൈബ്രറി സെസ് ഉൾപ്പെടെ). ഇതനുസരിച്ച് 2019-20 ൽ ഈ ഇനത്തിൽ പിരിക്കാനുള്ള ആകെ കുടിശിക4,86,219 /-(1,91,580++2,94,639) രൂപയാണ്.2 019-20 AFS RP-43 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Residential Building (Arrear) 3,31,650/-രൂപയാണ്(ലൈബ്രറി സെസ് ഉൾപ്പെടാതെ).ഇതനുസരിച്ച് 2019-20 AFS ലെ B-15ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Residential Building (Arrear) ആയി വരേണ്ടിയിരുന്ന തുക 1,54,569/- (4,86,219-3,31,650) രൂപയാണ് (ലൈബ്രറി സെസ് ഉൾപ്പെടെ). എന്നാൽ B-15ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത് 1,15,407/-രൂപയാണ്. പ്രോപ്പർട്ടി ടാക്സിനത്തിൽ മുൻവർഷം അഡ്വാൻസ് ആയി ലഭിച്ച തുക സഞ്ചയ പ്രകാരം ഉള്ളത് അഡ്ജസ്റ്റ് ചെയ്താണ് കുടിശിക കണക്കാക്കിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അഡ്ജസ്റ്റ് ചെയ്യുന്ന തുകകൾ സംബന്ധിച്ചുള്ള വിശദമായ അക്കൗണ്ട്സ് കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികകൾക്കൊപ്പം ഹാജരാക്കാത്തതിനാൽ അഡ്വാൻസ് തുകയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

6.2018-19 AFS ലെ B-15ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non-Residential Building (Arrear) 5,99,117 /-രൂപയും Current 1,98,756/- രൂപയുമാണ്. ഇതനുസരിച്ച് 2019-20 ൽ ഈ ഇനത്തിൽ പിരിക്കാനുള്ള ആകെ കുടിശിക 7,97,873 /- (5,99,117+1,98,756) രൂപയാണ്. 2019-20 AFS RP-43 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non-Residential Building (Arrear) 4,69,337/-രൂപയാണ്. ഇതനുസരിച്ച് 2019-20 AFS ലെ B-15ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non-Residential Building (Arrear) ആയി വരേണ്ടിയിരുന്ന തുക3,28,536/- (7,97,873-4,69,337) രൂപയാണ്.എന്നാൽ B-15ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത് 3,03,791/- രൂപയാണ്. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വ്യത്യാസം വന്നതിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 204000 | നെൽകൃഷി സബ്സിഡി | 204000 | 00 |
| | 2019-20 | 115379 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർ ഷിപ്പ് | 115379 | 00 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 114908 | പാലിയേറ്റീവ് കെയർ | 114908 | 00 |
| | 2019-20 | 483221 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 483221 | 00 |
| | 2019-20 | 300000 | ക്ഷീരകർ ഷകർക്ക് പാലിന് സബ്സിഡി | 300000 | 00 |

2018-19 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കപ്പെടാതെ 392419/- രൂപ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന 1193210/- ചെലവഴിക്കാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകി യ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 21/20 കാവക്കാട് ളുമ്പാപ്പുറം റോഡ് ഇലക്ട്രിക് ലൈൻ മാറ്റൽ | 51/ 24.9.19 | 124900 | 00 | 124900 |
| കെ.ഡബ്ള്യു.എ | NSS മന്ദിരം മാലിക്ക ന്നേൽ താഴം റോഡ് പൈപ്പ് ലൈൻ നീട്ടൽ വാർഡ് 12 | 121/ 21.12.19 | 100000 | 00 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | 800000 | 3844472 | 661764 | 00 | 3982708 |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. എം.എസ് 530/2010 തസ്വഭവ 18.2.2010 | | 127787 | 127787 | 00 | 00 |

വാർഷിക ധനകാര്യ പത്രിക Rp 32 ഷെഡ്യൂൾ പ്രകാരം തൻവർഷം വായ്പ തിരിച്ചടവായികാണിച്ചിട്ടുള്ളത് 127787/ രൂപയാണ്. ബാക്കി തുകയായ 661764/- രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തൻവർഷം സ്ഥിരനിക്ഷേപങ്ങളൊന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളൊന്നും ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,69,31,109/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,63,26,820/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19670 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10275 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 19670 | എൽദോസ് പോൾ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 19670 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 10275 | ഡോ. ബോബി പോൾ<br>വെറ്ററിനറി സർജ്ജൻ |
| ആകെ | 10275 | |

.

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബോബി പോൾ വെറ്ററിനറിസർജ്ജൻ | വെറ്ററിനറി സർജ്ജൻ ആവോലി പഞ്ചായത്ത് | ചെറുകരക്കുടിയിൽ മോക്കടമ്പ് പി.ഒ |
| എൽദോസ് പോൾ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കോതമംഗലം നഗരസഭ | നെല്ലിമറ്റത്തിൽ ഹൗസ് ചേലാട് പി.ഒ കരിങ്ങഴ |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | - | എൽ.എഫ്.ഇ(പി3)112/98 തീ. 16.04.98 |
| 1997-98 | 3-8 | എൽ.എഫ്.ഇ.(പി5)1028/02 തീ. 14.02.02 |
| 1998-99 | 13, 19, 21 | എൽ.എഫ്.ഇ.(പി5)848/03 തീ. 31.03.04 |
| 1999-00, 2000-01 | 2-1 മുതൽ 2-10 വരെ | എൽ.എഫ്.ഇ.(പി5)342/06 തീ. 09.11.06 |
| 1997-98 | - | എൽ.എഫ്.ഇ.(പി5)1978/07 തീ.30.09.08 |
| 1998-99 | 13, 19 | എൽ.എഫ്.ഇ.(പി5)1979/07 തീ. 30.09.08 |
| 1999-00 | 2-1 | എൽ.എഫ്.ഇ(പി5)1980/07 തീ. 30.09.08 |
| 2000-01 | 2-1 | എൽ.എഫ്.ഇ(പി5)1981/07 തീ. 30.09.08 |
| 2001-02 | 2-1, 3-1 മുതൽ 3-8 വരെ | എൽ.എഫ്.ഇ(പി5)1982/07 തീ. 30.09.08 |
| 2002-03 | - | എൽ.എഫ്.ഇ(പി5)811/10 തീ. 27.10.11 |
| 2003-04 | 3-1 മുതൽ 3-9 വരെ | എൽ.എഫ്.ഇ(പി5)812/10 തീ. 27.10.11 |
| 2004-05 | 3-1,3-3 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2005-06 | 3-7 | കെ.എസ്.എ.ഇ.കെ.എം പി8/190/21/30.3.21 |
| 2006-07 | 2-1,3-4,3-5(2),(3),3-6(1,3,5,6,7, 8, 10), 3-7 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2008-09 | 3-2(ബി,സി)3-3, 3-4(1,5) | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2009-10 | 2-5(1), 3-1,3-3, 3-4,3-5 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |

| | | |
|---|---|---|
| 2010-11, 2011-12 | 2-2,3-1,3-2,3-3, 3-4(1,2), 3-10, 3-12 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 2012-13 | 3-2, 3-4, | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 13-14, 14-15 | 2-1,3-1,3-4,3-5, 3-10,3-11 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 15-16 | 2-1, 2-3(1), 3-3,3-4, 3-5,3-6, 3-8, 3-9,3-10 | കെ.എസ്.എ.ഇ.കെ.എം പി8/719/21/29.7.19 |
| 16-17 | 2-2,2-3,2-4,2-5, 2-6,2-8 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 17-18 | 2-1, 3-2,3-3,3-4, 3-5,3-6 | കെ.എസ്.എ.ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2018-19 | 1-13,1-14,1-16,1-17, 1-18,1-19,1-20, 1-21, 1-24, 1-25, 1-26,1-28,1-29,3-1, 4-1,4-10 | കെ.എസ്.എ.ഇ.കെ.എം പി8/250/20/17.6.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്